LIBRARY ARCHIVES Kerala Legislative Assembly

അനധികൃതമായി പാറപൊട്ടിക്കൽ

*14 [103] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പാറ പൊട്ടിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് നിയന്ത്രണം കൊണ്ടുവരാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി) അനധികൃത ഖനനം നിയന്ത്രിക്കുന്നതിന് 1967-ലെ കെ.എം.എം.സി. ചട്ടങ്ങൾക്ക് അനുസൃതമായി നടപടികൾ എടുക്കാറുണ്ട്. ഇതിന് ജില്ലാ ജിയോളജിസ്റ്റിന്റെ മേൽനോട്ടത്തിലുള്ള പരിശോധനകളും, കേരള മിനറൽ സ്കാഡിന്റെ സേവനവും ഉപയോഗിച്ചു വരുന്നു. സംസ്ഥാനത്ത് ഖനന പ്രവർത്തനം നിയന്ത്രിക്കുന്നതിനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് പുറമേ റവന്യൂ, വനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെയും സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. ക്രമമായി പരിശോധനകളിലൂടെയും ശക്തമായ നിയമ നടപടികളിലൂടെയും അനധികൃത ഖനനം പരമാവധി നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിയുന്നുണ്ട്.

(സി) അനധികൃത ഖനനം ശ്രദ്ധയിൽപെട്ടാൽ ഖനന പ്രവൃത്തികൾ നിർത്തിവയ്പ്പിക്കുകയും 1967-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനു സൃതമായി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും വിശദീകരണം വാങ്ങി പരിശോധിച്ച് വകുപ്പുതല നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സാഹചര്യങ്ങൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്യാറുണ്ട്.